**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1634     04/12/2015-ൽ മറുപടിയ്ക്ക്

# ഹൈടെക് കൃഷി രീതികൾ അവലംബിക്കുന്ന കർഷകർക്കുള്ള സഹായങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം.വി.ശ്രേയാംസ് കുമാർ**<br>**,, റോഷി അഗസ്റ്റിൻ**<br>**ഡോ.എൻ. ജയരാജ്** | **ശ്രീ . കെ.പി.മോഹനൻ**<br>**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) ഹൈടെക് കൃഷി രീതികൾ അവലംബിക്കുന്ന കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ; | എ) പച്ചക്കറി കൃഷി വികസന പദ്ധതി പ്രകാരം മഴമറ, സൂക്ഷ്മജലസേചനവും രാസവള പ്രയോഗവും എന്നീ ഘടകങ്ങൾക്ക് സഹായം നല്കുന്നു.<br>മഴമറ - 100 ച.മീ - 50,000 രൂപ<br>സൂക്ഷ്മജലസേചനവും രാസവള പ്രയോഗവും - 50 സെന്റ് 30,000/- രൂപ.<br>2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ ഗ്രീൻഹൗസ് നിർമ്മിക്കുന്നതിനായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ നടപ്പിലാക്കിയ ഹൈടെക് കൃഷി പദ്ധതിയിൽ കേന്ദ്ര സർക്കാർ നിശ്ചയിച്ച ഒരു ചതുരശ്രമീറ്ററിന് 935 രൂപയുടെ 75 ശതമാനം തുകയായ 701.25 രൂപ ധനസഹായമായി നൽകുന്നു. ഇതിൽ 50 ശതമാനം തുക ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ വിഹിതവും 25 ശതമാനം തുക സംസ്ഥാന സർക്കാർ വിഹിതവുമാണ്. കൂടാതെ കർഷകർക്കായുള്ള പരിശീലനവും ജില്ലകൾതോറും നടത്തി വരുന്നു. 2014-15 സാമ്പത്തിക വർഷത്തിലും 75 ശതമാനമാണ് ധനസഹായമായി നൽകിയത്. 2015-16 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിയുടെ |

നടത്തിപ്പിനായി ചതുരശ്രമീറ്ററിന്റെ നിശ്ചിത തുകയുടെ 60 ശതമാനമാണ് ധനസഹായമായി നൽകി വരുന്നത്. ഇതിൽ 50 ശതമാനം തുക ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ വിഹിതവും 10 ശതമാനം തുക സംസ്ഥാന സർക്കാർ വിഹിതവുമാണ്.സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷനിലെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി വിളകളുടെ ധനസഹായവും കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്.

| | | | |
|---|---|---|---|
| ബി) | പ്രസ്തുത കർഷകർക്ക് പിന്തുണ നൽകാനുള്ള സാങ്കേതിക വിദഗ്ധരുടെ സേവനം വകുപ്പിൽ ലഭ്യമാണോ; വിശദമാക്കുമോ; | ബി) | കൃഷി ഭവൻ, ബ്ലോക്ക്, ജില്ലാ തലങ്ങളിൽ പ്രവർത്തിക്കുന്ന കൃഷി വകുപ്പിലെ സാങ്കേതിക ഉദ്യോഗസ്ഥർ വഴി കർഷകർക്ക് ആവശ്യമായ സേവനങ്ങളും പരിശീലനങ്ങളും നല്കി വരുന്നു. കൂടാതെ കേരള കാർഷിക സർവ്വകലാശാലയിലെ വിദഗ്ദരുടെ സേവനവും ലഭ്യമാണ് |
| സി) | പ്രസ്തുത രീതിയിൽ ഉൽപാദിപ്പിക്കുന്ന കാർഷികോൽപ്പന്നങ്ങൾ കേടുകൂടാതെ വിറ്റഴിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | സി) | കൃഷി വകുപ്പിന്റെ കീഴിലുള്ള കാർഷിക മൊത്ത വ്യാപാര വിപണികൾ, ജില്ലാതല സംഭരണ വിതരണ കേന്ദ്രങ്ങളിൽ വിറ്റഴിക്കുന്നതിനുള്ള സൗകര്യവും. കാർഷിക മൊത്ത വ്യാപാര വിപണികളിൽ ശീതീകരണ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ഇതു കൂടാതെ കേരളത്തിലെ ചെറുകിട നാമമാത്ര കർഷകർ ഉല്പാദിപ്പിക്കുന്ന ജൈവ പച്ചക്കറി ഉല്പന്നങ്ങൾ സംഭരിച്ച് |

വിപണനം നടത്തുന്നതിനായി സംസ്ഥാനത്ത് തെരഞ്ഞെടുത്ത 22 ബ്ലോക്കുകളിലായി കർഷകരുടെ ബ്ലോക്കുതല ഫെഡറേറ്റഡ് ഓർഗനൈസേഷനുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു. വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വാശ്രയ കർഷക സമിതികൾ വഴിയും കാർഷികോല്പന്നങ്ങൾ വിറ്റഴിക്കുന്നു.

കൂടാതെ പ്രസ്തുത രീതിയിൽ ഉത്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ വാർഷിക കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി പായ്ക്ക്ഹൗസ് / ഓൺഫാം കളക്ഷൻ ആന്റ് സ്റ്റോറേജ് യൂണിറ്റിന് പരമാവധി 4 ലക്ഷം രൂപ എന്ന പരിധിയ്ക്ക് വിധേയമായി 50 ശതമാനം ധനസഹായമായ 2 ലക്ഷം രൂപ നൽകി വരുന്നു. കോൾഡ് സ്റ്റോറേജിനായി 15 ലക്ഷം രൂപ എന്ന പരിധിയ്ക്ക് വിധേയമായി 35 ശതമാനം ധനസഹായമായ 5.25 ലക്ഷം രൂപ നൽകി വരുന്നു.

സെക്ഷൻ ഓഫീസർ